LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നത് തടയാൻ പ്രത്യേക സംവിധാനം

157 [3122] *ശ്രീ. തോമസ് ചാഴികാടൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പരാതികളിൻമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ;

(ഡി) ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പ്രത്യേക സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ അത് ഏർപ്പെടുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുസംബന്ധിച്ച് 53 പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ഈ പരാതികളിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും, കുട്ടികളെ വീണ്ടെടുക്കാനും, കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും ഉള്ള നടപടികൾ സ്വീകരിച്ചുപോരുന്നു.

(ഡി) പ്രത്യേക സംവിധാനം ഇല്ല. എന്നാൽ ആവശ്യമെന്നു കാണുന്ന കേസുകളിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അന്വേഷണം നടത്തുന്നു.

നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള കുറ്റകൃത്യങ്ങൾ തടയാൻ നടപടി

158 [3123] *ശ്രീ. പിരപ്പൻകോട് മുരളി:*

„ *രാജു എബ്രഹാം:*

„ *സാജു പോൾ:*

„ *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങൾ കേന്ദ്രീകരിച്ച് വൻ കവർച്ചകളും മോഷണങ്ങളും പിടിച്ചുപറികളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രധാന നഗരങ്ങളും പട്ടണങ്ങളും കേന്ദ്രീകരിച്ച് കഴിഞ്ഞ ആറു മാസത്തിനകം നടന്ന പ്രധാന സംഭവങ്ങൾ ഏതൊക്കെയാണ്;

(സി) ഈ മോഷണങ്ങളിൽ മാത്രം എത്ര രൂപയുടെ സാധനങ്ങൾ മോഷണം പോയിട്ടുണ്ട്; ഈ സംഭവങ്ങളോട് അനുബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പ്രതികളെ പിടികൂടിയെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ മോഷണസംഘങ്ങൾ അന്യസംസ്ഥാനത്തുനിന്നുള്ളവരാണ് എന്ന് പോലീസ് കരുതുന്നുണ്ടോ; എങ്കിൽ അതിന് അടിസ്ഥാനമായ കാരണങ്ങൾ വിശദമാക്കുമോ;

(ഇ) നഗരപ്രദേശങ്ങളിൽ നിലനിന്നിരുന്ന പട്രോളിംഗ് സമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റംവരുത്തിയിട്ടുണ്ടോ; എങ്കിൽ എന്താണെന്നും അതിനുള്ള കാരണവും വിശദമാക്കുമോ;

(എഫ്) നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള ഗുണ്ടാപ്രവർത്തനങ്ങൾ കർശനമായി നേരിടുന്നതിനും ഗുണ്ടകളെ കൂടുതൽ തടങ്കൽ നിയമമനുസരിച്ച് കസ്റ്റഡിയിലെടുക്കാനും തീരുമാനിച്ചിട്ടുണ്ടോ;

(ജി) വർദ്ധിച്ചുവരുന്ന മോഷണം, പിടിച്ചുപറി, മറ്റ് കുറ്റകൃത്യങ്ങൾ എന്നിവ ഫലപ്രദമായി തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, കോഴിക്കോട് സിറ്റി എന്നീ പോലീസ് ജില്ലകളിലെ നഗരങ്ങൾ കേന്ദ്രീകരിച്ച് കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ വൻ കവർച്ചകളും മോഷണങ്ങളും പിടിച്ചുപറികളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 'ബി' ചോദ്യത്തിന് ഉത്തരമായി നൽകിയിട്ടുള്ള പ്രധാന സംഭവങ്ങളിൽ 5,17,45,785 രൂപയുടെ സാധനങ്ങൾ മോഷണം പോയിട്ടുണ്ട്. ഇതോടനുബന്ധിച്ച് 147 കേസുകൾ രജിസ്റ്റർ ചെയ്യുകയും 94 പ്രതികളെ പിടികൂടുകയും ചെയ്തിട്ടുണ്ട്.

(ഡി) തിരുവനന്തപുരം സിറ്റിയിലെ മോഷണങ്ങളിൽ അന്യസംസ്ഥാനങ്ങളിൽനിന്നുള്ളവരും ഉൾപ്പെട്ടിട്ടുണ്ട്. തദ്ദേശവാസികളായ കുറ്റവാളികൾ ജയിലിൽ വച്ച് പരിചയപ്പെടുന്ന അന്യസംസ്ഥാനക്കാരായ കുറ്റവാളികളുമായി ചേർന്ന് ജയിൽമോചിതരായശേഷം കുറ്റകൃത്യങ്ങളിൽ ഏർപ്പെടാറുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ പട്രോളിംഗ് സമ്പ്രദായത്തിൽ മാറ്റംവരുത്തിയിട്ടില്ല.

(എഫ്) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങൾ കേന്ദ്രീകരിച്ച് ഗുണ്ടാപ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സ്ഥിരം കുറ്റവാളികളെയും സ്ഥിരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും നിലവിലുള്ള നിയമപ്രകാരം അവർക്കെതിരെ നടപടി കൈക്കൊണ്ടുപോരുന്നു.

(ജി) പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട ടീമിന്റെ നൈറ്റ് പട്രോളിംഗ് നടത്തിയും, മുൻ ശിക്ഷക്കാരെയും അപരിചിതരെയും സംശയിക്കത്തക്ക സാഹചര്യത്തിൽ കാണുന്നവരെയും രഹസ്യമായി നിരീക്ഷിച്ചും നടപടി കൈക്കൊള്ളാറുണ്ട്. വാഹന പരിശോധന കർശനമാക്കിയും, ടൂവീലറുകൾ പരിശോധിച്ചും, കച്ചവട സ്ഥാപനങ്ങളിൽ മോഷണവസ്തുക്കൾ ക്രയവിക്രയം ചെയ്യുന്നുണ്ടോ എന്ന് അന്വേഷിച്ചും, ഇക്കാര്യങ്ങൾക്ക് സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായംതേടിയും നടപടി സ്വീകരിച്ചുപോരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്നവരെക്കുറിച്ച് വിവരം ശേഖരിക്കാറുണ്ട്. നാനാതരം തൊഴിലുകളിൽ ഏർപ്പെടുന്നവരെ നിരീക്ഷിച്ച് നഗരാതിർത്തികളിൽ പരിശോധന നടത്തി കുറ്റവാളികളെ നിയമനടപടിക്ക് വിധേയരാക്കാറുമുണ്ട്.

ഗുണ്ടകളെക്കുറിച്ച് സ്ഥിതിവിവരക്കണക്ക്

159 [3125] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടകളെയും കൂലിത്തല്ലുസംഘങ്ങളെയും അമർച്ച ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗുണ്ടകളെ സംബന്ധിക്കുന്ന പരിശോധന നടത്താനും അവരുടെ ലിസ്റ്റ് തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആസൂത്രിത ആക്രമണം നടത്തുന്ന സ്ഥിരം ഗുണ്ടകളെക്കുറിച്ച് ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (സി) 'ഗുണ്ട' എന്ന പദപ്രയോഗം നിയമദൃഷ്ട്യാ നിർവ്വചിക്കപ്പെട്ടിട്ടില്ല. എന്നാൽ സ്ഥിരം കുറ്റവാളികളുടെയും കൂലിത്തല്ല്, സ്ഥിരം സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ എന്നിവരുടെ പേരിൽ 107, 109, 110 സിആർ. പി. സി. പ്രകാരം നിയമനടപടി സ്വീകരിക്കുന്നു. 10 വർഷത്തെ കുറ്റവാളികളുടെ വിവരം ശേഖരിച്ച് തയ്യാറാക്കിയ വിപുലമായ ഡേറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിൽ കുറ്റാന്വേഷണ ഉദ്യോഗസ്ഥൻമാർക്ക് കുറ്റവാളികളെക്കുറിച്ചുള്ള വിവരങ്ങൾ മുൻകൂട്ടി കൈമാറിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly